## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 184 05.03.2012 - ലെ മറുപടിക്ക്

**നരേന്ദ്രൻ പാക്കേജ് വഴിയുള്ള പ്രത്യേക റിക്രൂട്ട്മെന്റ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) നരേന്ദ്രൻ പാക്കേജ് പ്രകാരം പി.എസ്.സി ലിസ്റ്റിൽ ഏതെങ്കിലും സംവരണ സമുദായത്തിൽ ഉദ്യോഗാർത്ഥി ഇല്ലെങ്കിൽ എത്ര പ്രാവശ്യം പ്രത്യേക റിക്രൂട്ട്മെന്റിന് പരസ്യം ചെയ്യണമെന്നാണ് വ്യവസ്ഥയുള്ളത്; | (എ) നരേന്ദ്രൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 1958 - ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, ടി ചട്ടത്തിന്റെ 15 (എ) പ്രകാരം ഏതെങ്കിലും സമുദായത്തിലോ സമുദായങ്ങളുടെ ഗ്രൂപ്പിലോ നിന്ന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലാത്ത പക്ഷം അങ്ങനെയുള്ള ഒഴിവ് നികത്താതെ വെയ്ക്കേണ്ടതും ടി ഒഴിവ് ആ തെരഞ്ഞെടുപ്പ് വർഷത്തേക്ക് ആ സമുദായത്തിനോ സമുദായങ്ങളുടെ ഗ്രൂപ്പിനോ വേണ്ടി പ്രത്യേകമായി വിജ്ഞാപനം ചെയ്യേണ്ടതും ആ സമുദായത്തിൽ നിന്നോ സമുദായങ്ങളുടെ ഗ്രൂപ്പിൽ നിന്നോ മാത്രം നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന നികത്തേണ്ടതുമാണ്. കുറഞ്ഞത് രണ്ട് തവണയെങ്കിലും ആവർത്തിച്ച് പുനർ വിജ്ഞാപനം നടത്തിയതിനുശേഷവും അതതുസമുദായത്തിൽ നിന്നോ സമുദായങ്ങളുടെ ഗ്രൂപ്പിൽ നിന്നോ തെരഞ്ഞെടുക്കുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം, ലഭ്യമായ മറ്റു പിന്നോക്കവിഭാഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. മറ്റ് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലഭ്യമായ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതും അവരുടെയും അഭാവത്തിൽ ലഭ്യമായ പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. |

| | | |
|---|---|---|
| (ബി) | പട്ടികജാതിക്കാരെ പ്രത്യേക റിക്രൂട്ട്മെന്റ് വഴിയും ലഭിച്ചിട്ടില്ലെങ്കിൽ, ഒഴിവുള്ള തസ്തികകൾ മറ്റു പിന്നോക്കവിഭാഗക്കാർക്ക് നൽകാൻ കഴിയുന്ന വിധത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്താൻ തയ്യാറാകുമോ ; | (ബി) യും (സി) യും<br>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ടേൺ നിലവിലുള്ള വ്യവസ്ഥ പ്രകാരം മറ്റ് വിഭാഗങ്ങൾക്ക് മാറ്റിന നൽകാവുന്നതല്ല. ആവർത്തിച്ചുള്ള വിജ്ഞാപനങ്ങൾക്കു ശേഷവും, ചില തസ്തികകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ ഒഴിവുകൾ നികത്തപ്പെടാതെ അവശേഷിക്കുന്ന കാര്യം പി.എസ്.സി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന്, ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി **KS&SSR** - ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) | ജൂനിയർ ഹയർ സെക്കന്ററി അറബിക് അദ്ധ്യാപക തസ്തികയിൽ പട്ടികജാതിക്കാർ ഇല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള ലിസ്റ്റിലുള്ളവരെ നിയമിക്കാൻ കഴിയും വിധം നരേന്ദ്രൻ പാക്കേജിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ